# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/ബിപി-1276/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയതി: 08/11/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസ് മുഖേന)
2) ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, ആലപ്പുഴ
3) ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ-എ.എൽ.പി/ബിപി-1276/2023 തീയ്യതി: 08/11/2023

## ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എസ് . വിജയകുമാർ | സീനിയർ ഡെപ്യൂട്ടി ഡയറക്റ്റർ | 03-10-2023 | 09-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-10-2023 | 09-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ആശ എം.വി, ഓഡിറ്റ് ഓഫീസർ
ശ്രീമതി രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ലേഖ പി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വി ജി മോഹനൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ സി വി സുനിൽ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി . റെജി ജി വി | അസി ഡയറക്റ്റർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2022 | 31-03-2023 |
| ശ്രീമതി . ആശ ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി . പ്രവ്ദ പീറ്റർ | സി ഡി പി ഒ | 01-04-2022 | 31-03-2023 |
| ഡോ റിസ്വാൻ എൻ റഫീക്ക് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, തണ്ണീർമുക്കം | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി . മീര സി കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി . ബിന്ദു വി | പട്ടിക ജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി . ദിവ്യ ജി കൃഷ്ണൻ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.തോമസ് ഡിക്രൂസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-1 |
| 3 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-2 |
| 4 | ഷെഡ്യൂൾ RP - 4 പ്രകാരമുള്ള വരവിനങ്ങളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല | 1-1-3 |
| 5 | സർക്കാരിലേയ്ക്ക് അടവാക്കേണ്ട തുക ബാലൻസ് ഷീറ്റിൽ ലയബിലിറ്റിയായി തുടരുന്നു | 1-1-4 |
| 6 | വാർഷിക കണക്കിലെ തുകയും എ സി ആർ - ലെ തുകയും തമ്മിൽ യോജിക്കുന്നില്ല | 1-1-5 |
| 7 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ വാടക രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | ഗുണഭോക്തൃ വിഹിതം ഇനത്തിൽ 2021-22 വർഷം പിരിച്ച തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ടി തുക ബാലൻസ് ഷീറ്റിൽ ആസ്തി ശീർഷകത്തിൽ തുടരുന്നു | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 16 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 17 | വാടക-വർദ്ധനവ് വരുത്തുന്നില്ല - വരുമാനനഷ്ടം | 1-10 |
| 18 | ഇ- ടെണ്ടർ ഫീസിനത്തിലെ തുക അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-11 |
| 19 | യാത്രാബത്ത അനർഹമായി നല്കി | 1-12 |
| 20 | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണം - ഉപകരണങ്ങൾ വിതരണം ചെയ്യാതെ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു | 1-13 |
| 21 | പഞ്ചിംഗ് മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - പദ്ധതി പൂർത്തീകരിച്ചില്ല | 1-14 |
| 22 | പ്രോജക്ട് പ്രകാരം വാങ്ങിയതായി പറയുന്ന സാധനങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-15 |
| 23 | സി.എച്ച്.സി. ദൈനംദിന ചെലവുകൾ - ന്യൂനതകൾ | 1-16 |
| 24 | കരാർ പ്രവൃത്തിയിൽ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് ഫൈൻ ഈടാക്കിയില്ല | 1-17 |
| 25 | ബ്ലോക്ക് പഞ്ചായത്ത് ആർ.ആർ.എഫ് -ഭരണാനുമതി തുകയിൽ അധികരിച്ച് തുക ചെലവഴിച്ചു | 1-18 |
| 26 | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-19 |
| 27 | രേഖകൾ ഹാജരാക്കിയില്ല | 1-20 |
| 28 | പത്താംതരം പന്ത്രണ്ടാംതരം തുല്യതാ പരീക്ഷ - അപാകതകൾ | 1-21 |
| 29 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല | 1-22 |
| 30 | പുതുതായി നിർമ്മിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിനായി പ്രാഥമിക നടപടികൾ ഒരുക്കൽ - ന്യൂനതകൾ | 1-23 |
| 31 | മരാമത്ത് പ്രവൃത്തി-ടാർ ബാരലിന്റെ വിലയും ജി.എസ്.ടി.യും സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-24 |
|  | **ഭാഗം 2** |  |
|  | --- No Records Found --- |  |
|  | **ഭാഗം 3** |  |
| 1 | പ്രോജക്ട് പ്രകാരം വാങ്ങിയ സാധനങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല - ലഭ്യമാകാത്ത സാധനങ്ങളുടെ വില ഓഡിറ്റിൽ നിരാകരിക്കുന്നു | 3-1 |
| 2 | സി.എച്ച്.സി. ഔദ്യോഗിക വാഹനത്തിൽ പെട്രോൾ നിറച്ച വിവരം ലോഗ് ബുക്കിൽ ചേർത്തിട്ടില്ല - ചെലവ് നിരാകരിക്കുന്നു | 3-2 |

| | | |
|---|---|---|
| 3 | ബ്ലോക്ക് പഞ്ചായത്ത് ആർ.ആർ.എഫ് -ഭരണാനുമതി തുകയിൽ അധികരിച്ച് തുക ചെലവഴിച്ചു | 3-3 |
| 4 | കരാർ പ്രവൃത്തിയിൽ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് ഫൈൻ ഈടാക്കിയില്ല | 3-4 |
| 5 | യാത്രാബത്ത അനർഹമായി നല്കി | 3-5 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -I

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29.07.2023-ലെ 5(1)-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 17.08.2023 തിയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ആലപ്പുഴ
08.11.2023

### 1-1-1 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-2 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ആയതിനാൽ വാർഷിക കണക്കിൽ ഈ ഇനങ്ങളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

**1-1-3 ഷെഡ്യൂൾ RP - 4 പ്രകാരമുള്ള വരവിനങ്ങളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല**

ഷെഡ്യൂൾ RP - 4 പ്രകാരമുള്ള വരവിനങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനായി രേഖകളോ രജിസ്റ്ററുകളോ ഹാജരാക്കിയില്ല

**1-1-4 സർക്കാരിലേയ്ക്ക് അടവാക്കേണ്ട തുക ബാലൻസ് ഷീറ്റിൽ ലയബിലിറ്റിയായി തുടരുന്നു**

2016-17 -ൽ കളക്ഷൻ ആയി Government And Other Dues Payable – Others (ഷെഡ്യൂൾ B9) എന്ന ഇനത്തിൽ വരവ് വന്ന 14,000/-രൂപ നാളിതുവരെ ഗവൺമെന്റിലേയ്ക്ക് അടവാക്കിയിട്ടില്ല ബാലൻസ് ഷീറ്റിൽ ലയബിലിറ്റി ആയി തുടരുന്നു.

**1-1-5 വാർഷിക കണക്കിലെ തുകയും എ സി ആർ - ലെ തുകയും തമ്മിൽ യോജിക്കുന്നില്ല**

വികസന ഫണ്ട് (ജനറൽ) ഇനത്തിൽ എ സി ആർ പ്രകാരം, ചെലവ് തുക 2,48,79,329/- രൂപയാണ്. വാർഷിക കണക്ക് പ്രകാരം ചെലവ് തുക 2,48,65,329/- രൂപയാണ്. വ്യത്യാസം 14,000/രൂപ.

**1-1-6 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ വാടക രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ വാടക രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നില്ല. ഡി സി ബി, അരിയർ ഡിസിബി എന്നിവയുടെ വിവരം ചേർക്കുന്നില്ല.

**1-1-7 ഗുണഭോക്തൃ വിഹിതം ഇനത്തിൽ 2021-22 വർഷം പിരിച്ച തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ടി തുക ബാലൻസ് ഷീറ്റിൽ ആസ്തി ശീർഷകത്തിൽ തുടരുന്നു**

31.03.2022-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ 2,06,465 രൂപ ബാധ്യതയായി അവശേഷിച്ചിരുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5 / 07.10.2023) പ്രസ്തുത തുക ചെലവഴിച്ചിരുന്നതാണെന്നും സാംഖ്യയിൽ ചെലവ് രേഖപ്പെടുത്താൻ വിട്ട് പോയതിനാലാണ് ബാലൻസ് ഷീറ്റിൽ ബാധ്യതയായി അവശേഷിക്കുന്നതെന്നും മറുപടി നൽകി. തുക ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-2 ബജറ്റ്**

കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 18.03.2022 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. 24.3.2023 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. യഥാർത്ഥ വരവു ചെലവും ബജറ്റ് പ്രകാരമുള്ള വരവുചെലവ് കണക്കുമായി അന്തരം നിലനിൽക്കുന്നു. മുൻവർഷങ്ങളിലെ യഥാർത്ഥ വരവു-ചെലവുകളെ അടിസ്ഥാനമാക്കി ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 68,04,03,620 | 67,97,48,541 |
| വാർഷികകണക്ക് പ്രകാരം (ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പ്രകാരം) | 7,05,88,566 | 5,42,43,156 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 2,45,65,923 |
| വരവ് | 7,27,60,997 |
| ആകെ | 9,73,26,920 |
| ചെലവ് | 8,37,35,711 |
| നീക്കിയിരിപ്പ് | 1,35,91,209 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് പ്രോജക്ട് | നീക്കിയിരുപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 2,99,54,000 | 2,99,54,000 | 2,48,79,329 | 50,74,671(ലാപ്സായി) |
| വികസനഫണ്ട് എസ്.സി.പി | | 66,82,000 | 66,82,000 | 49,96,407 | 16,85,593(ലാപ്സായി) |
| വികസനഫണ്ട് ടി.എസ്.പി | | 4,96,000 | 4,96,000 | 4,96,000 | 0 |
| 13-ാം ധനകാര്യ കമ്മിഷൻ ഗ്രാന്റ്-ടൈഡ് | ബാങ്ക് 27,36,396 | 72,44,000 | 99,80,396 | 89,70,347 | 10,10,049(നീക്കിയിരിപ്പ്) |
| | ട്രഷറി 0 | 14,82,107 | 14,82,107 | 14,35,968 | 46,139(ലാപ്സായി) |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ്-അൺടൈഡ് | ബാങ്ക് 5,72,475 | 50,35,141 | 56,07,616 | 36,33,708 | 19,73,908(നീക്കിയിരിപ്പ്) |
| സംരക്ഷണഗ്രാന്റ് റോഡ് | | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 74,66,000 | 74,66,000 | 55,00,644 | 19,65,356(ലാപ്സായി) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തികരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 122 | 7,78,50,392.60 | | 5,30,38,424.57 | | 5 | 49.18 % |

## 1-6 തൊഴിലുറപ്പ് പദ്ധതി

വാർഷിക കണക്കിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവുകൾ ഉൾപ്പെട്ടിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.10.2023 തിയതിയിൽ 2.35.P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു

1) രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. ബിൽ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്ററിന്റെ അഭാവത്തിൽ മുൻകൂർ നൽകിയ തുകകളുടെ ക്രമീകരണ വിവരങ്ങൾ പരിശോധിക്കുവാൻ സാധിക്കാതെ വരുന്നു.

2) സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഓരോ ഇനത്തിലുമുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല

3) വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല

4) ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

5) ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല

6) ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.

7) കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല തന്മൂലം ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
പ്രസ്തുത അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 വാടക-വർദ്ധനവ് വരുത്തുന്നില്ല - വരുമാനനഷ്ടം

ബ്ലോക്ക് ഓഫീസ് കോംപ്ലക്സിലുള്ള കാന്റീൻ പ്രതിമാസം 2,000/- രൂപയ്ക്ക് വാടകയ്ക്ക് നല്കിയതിൽ നിന്നും 2022-23 സാമ്പത്തികവർഷം വാടകയിനത്തിൽ 12,000/-രൂപ (6x2000) ലഭിച്ചിട്ടുണ്ട്. എന്നാൽ ശേഷിക്കുന്ന 6 മാസത്തെ വാടക 12,000/-രൂപ ഒടുക്കിയതായി കാണുന്നില്ല. കൂടാതെ വർഷങ്ങളായി വാടകയിൽ വർദ്ധനവ് വരുത്തിയിട്ടില്ലാത്തതായും കാണുന്നു. 2022-23 വർഷത്തെ വാടക കരാർ പരിശോധനയ്ക്ക് ലഭ്യമാക്കുവാനും വാടകയിൽ വാർഷിക വർദ്ധനവ് വരുത്താതിരുന്നതിന് വിശദീകരണം നൽകുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (12/09.10.2023)നല്കിയെങ്കിലും കരാർ ലഭ്യമാക്കിയില്ല. കുടിശ്ശികയുള്ള 12,000/-രൂപ ഉടൻതന്നെ ഈടാക്കുന്നതാണെന്നും 11.10.2023-ൽ നടക്കുന്ന കമ്മറ്റിയിൽ വാടക വർദ്ധിപ്പിക്കുന്നതിന് തിരുമാനമെടുക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിശ്ചിത തുകയുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കാതിരിക്കുന്നത് വ്യവഹാരങ്ങൾക്ക് സാധുതയില്ലാതാക്കുക മാത്രമല്ല ഈ ഇനത്തിൽ സർക്കാരിന് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്ന സാഹചര്യവുമുണ്ടാക്കും. വാടക കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതും, വാടകയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തേണ്ടതുമാണ്.

## 1-11 ഇ- ടെണ്ടർ ഫീസിനത്തിലെ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു

ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച 1,47,515/- രൂപ 31.03.2023-ൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ (എസ്.ബി.ഐ-38673707206) നിലനിർത്തുന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ കറന്റ് അക്കൗണ്ടിലുള്ള തുക ബ്ളോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (9/9.10.23) മറുപടി ലഭ്യമാക്കിയില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ കറന്റ് അക്കൗണ്ടിലുള്ള തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

## 1-12 യാത്രാബത്ത അനർഹമായി നല്കി

ബ്ലോക്ക് പഞ്ചായത്തിലെ വാഹനമായ ബോലേറോ ജീപ്പ് ഡ്രൈവർ ശ്രീ.ബൈജു കെ.എസ്. അവധിയിൽ പോകുന്ന ദിവസങ്ങളിൽ ദിവസവേതനത്തിൽ ഡ്രൈവറെ നിയമിച്ച് 730/-രൂപ പ്രകാരം വേതനം നല്കുന്നുണ്ട്. എന്നാൽ ശ്രീ.ബൈജു കെ.എസ്. അവധിയിലായിരുന്ന ദിവസങ്ങളിലെ യാത്രബത്ത ക്ലെയിം ചെയ്തിട്ടുള്ളതായി കാണുന്നു.

| വൌച്ചർ നം. | തുക/ചെക്ക് നം./ തീയതി | യാത്രബത്ത നല്കിയതിന്റെ വിവരം | മറ്റ് വേതനം വിവരം | ഡ്രൈവർമാർക്ക് നല്കിയതിന്റെ | വേതനം നല്കിയ തുക |
|---|---|---|---|---|---|
| 54/22-23 | 16075/- | 7.05.2022-175/- | വൌച്ചർ | | 7.05.2022-ലെ |

| | | | | |
|---|---|---|---|---|
| | 6720369/6.8.2022 | | നം-21/22-23-16.5.2022-74336/- ചെക്ക് നം. 4729436/16.05.2022 | വേതനമിനത്തിൽ ശ്രീ.സാബു കെ.പി.ക്ക് 730/- രൂപ നല്കി |
| 131/22-23 | 16560/- 2470621/21.01.2023 | 1.10.2022-175/- 26.10.2022-175/- | വൌച്ചർ നം-100/22-23-61749/- ചെക്ക് നം. 3608998/28.11.2022 | 1.10.2022, 26.10.2022-ലെ വേതനമിനത്തിൽ 1,460/-രൂപ ശ്രീ.അർജുൻ അജേഷിനു നല്കി |
| | | 24.08.2022-175/- | വൌച്ചർ നം-70/22-23-10203/- ചെക്ക് നം. 9743225/16.09.2022 | 24.08.2022-ലെ വേതനമിനത്തിൽ 730/-രൂപ ശ്രീ.അർജുൻ അജേഷിനു നല്കി |
| ആകെ | | 700/- | | |

അവധിയിലായിരുന്ന ഡ്രൈവർക്ക് യാത്രാബത്ത ഇനത്തിൽ തുക നല്കിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (13/09.10.2023) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അനർഹമായി നല്കിയ തുക ഈടാക്കി അറിയിക്കേണ്ടതാണ്.(ഖണ്ഡിക 3-5 കാണുക)

### 1-13 ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണം - ഉപകരണങ്ങൾ വിതരണം ചെയ്യാതെ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു

CDPO

നിർവ്വഹണോദ്യോഗസ്ഥ - സി ഡി പി ഒ
പ്രോജക്ടിന്റെ പേര് : ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണം
പ്രോജക്ട് നം. S0063/23
അടങ്കൽ- 5,00,000/-
ചെലവ് - 3,05,533/- (ബിൽ നം. 8/ 28.03.2023)

മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, കെൽട്രോണിന്റെ ബിൽ നം. PR/156/22-23, തീയതി- 25.03.2023 പ്രകാരം താഴെ പറയുന്ന ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ട്.

| ഉപകരണങ്ങൾ | എണ്ണം |
|---|---|
| HEARING AID | 16 |
| AK PROSTHESIS -HIGH TECH | 1 |
| Knee Cage With Drop Lock | 2 |
| L S Crorset > 38" | 1 |
| Hand Exerciser | 1 |
| Shoulder Pulley | 1 |
| Therapy Mat | 1 |
| Accomodative Footwear For Disabled | 1 |
| Accomodative Shoe For Disabled | 1 |
| RECIPROCAL Walker | 1 |
| WHO With MP Extension Assist | 1 |
| Walking Stick | 1 |
| Tripod Stick | 1 |
| Study Table And Chair | 2 |
| Stand In Stabilizer | 1 |

മേൽ ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവരം നിർവ്വഹണോദ്യോഗസ്ഥയോട് അന്വേഷിച്ചപ്പോൾ 25.03.2023-ൽ സാധനങ്ങൾ ലഭ്യമായെങ്കിലും വിതരണം ചെയ്യാതെ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചു. തുടർന്ന് ഓഡിറ്റ് ടീം നടത്തിയ

ഭൗതിക പരിശോധനയിൽ, ലഭ്യമായ സാധനങ്ങൾ വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് ആവശ്യാനുസരണം വാങ്ങിയ ഉപകരണങ്ങൾ നാളിതുവരെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നത് നിർവ്വഹണോദ്യോഗസ്ഥയുടെ ഭാഗത്ത് നിന്നുമുള്ള കൃത്യവിലോപമായി ഓഡിറ്റിൽ വിലയിരുത്തുന്നു. വിതരണം ചെയ്യുന്നതിൽ ഇനിയും കാലതാമസം ഉണ്ടായാൽ വാങ്ങിയ സാധനങ്ങളുടെ പ്രയോജനം തെരെഞ്ഞെടുത്ത ആളുകൾക്ക് ഇല്ലാതാവുന്ന സാഹചര്യം ഉണ്ടാവും. വിതരണ രേഖകൾ ഹാജരാക്കുന്നത് വരെ 3,05,533/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ എത്രയും വേഗം വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-14 പഞ്ചിംഗ് മെഷിനും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - പദ്ധതി പൂർത്തീകരിച്ചില്ല

പഞ്ചിംഗ് മെഷിനും അനുബന്ധ ഉപകരണങ്ങളും
നിർവ്വഹണം : സെക്രട്ടറി

പ്രോജക്ട് നം. S0135/23

അടങ്കൽ - 26,877/- (തനത് ഫണ്ട് )

ചെലവ് - 26,877/- (ചെക്ക് നം. 1981401/31.03.23)

13.01.2022-ലെ ജി.ഒ.(എം.എസ്.) നം.192/2020/പൊതുഭരണവകുപ്പ് ഉത്തരവ് അടിസ്ഥാനമാക്കി ഗ്രാമവികസന കമ്മീഷണർ പുറപ്പെടുവിച്ച സർക്കുലറിൽ ബ്ലോക്ക് പഞ്ചായത്തുകളിൽ ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കെൽട്രോൺ തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ 50% അഡ്വാൻസ് ആയും ഇൻസ്റ്റലേഷന് ശേഷം 40% സ്പാർക്കുമായി ബന്ധിച്ച ശേഷം 10% എന്ന ക്രമത്തിലുമാണ് ഇതിനായി കെൽട്രോണിന് തുക നൽകേണ്ടത്. 53,754/- രൂപയുടെ എസ്റ്റിമേറ്റ് കെൽട്രോൺ തയ്യാറാക്കി നൽകിയതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക്പഞ്ചായത്ത് 26,877/- രൂപ (53754 *50%) നൽകി. എന്നാൽ നാളിതുവരെ പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല. പ്രോജക്ടിന്റെ നിലവിലെ സ്ഥിതി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.4/07.08.2023) മറുപടിയിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് കെൽട്രോൺ നടപടി സ്വീകരിച്ച് വരുന്നതായി അറിയിച്ചു. പ്രൊജക്ട് പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ 26,877/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ട് പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 പ്രോജക്ട് പ്രകാരം വാങ്ങിയതായി പറയുന്ന സാധനങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ കോൺഫറൻസ് ഹാളിലും പ്രസിഡന്റിന്റെ മുറിയിലും ഫർണിച്ചറും അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (പ്രോജക്ട് നം. - S0113/23) എന്ന പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കിയ ബിൽ, പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ പ്രോജക്റ്റ് പ്രകാരം വാങ്ങിയ മുഴുവൻ സാധനങ്ങളും ലഭ്യമായതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഭൗതിക പരിശോധനയിൽ, 70,[illegible] രൂപയുടെ സാധനങ്ങൾ ലഭ്യമായിട്ടില്ലെന്ന് വ്യക്തമായി. ആയതിനാൽ ടി ചെലവ് ഓഡിറ്റിൽ നിരാകരിച്ചിട്ടുണ്ട്. വിശദവിവരം ഭാഗം 3 – ലെ ഖണ്ഡിക 3-1 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-16 സി.എച്ച്.സി. ദൈനംദിന ചെലവുകൾ - ന്യൂനതകൾ

നിർവ്വഹണം – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., തണ്ണീർമുക്കം
പ്രോജക്ടിന്റെ പേര് : സി.എച്ച്.സി. ദൈനംദിന ചെലവുകൾ
പ്രോജക്ട് നം. S0095/23
അടങ്കൽ - രൂ. 4,00,000/- (റോഡിതരം)

ചെലവ്- രൂ. 3,89,452/-

മേൽ പ്രോജക്ട് പ്രകാരമുള്ള ചെലവു നടത്തിയതിൽ ചില ന്യൂനതകൾ കാണപ്പെടുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

എ) തെറ്റായ ഡിമാന്റനുസരിച്ചുള്ള വാട്ടർചാർജ്ജ് ഒടുക്കുന്നു

വാട്ടർ ചാർജ്ജ് കൃത്യമായി ഒടുക്കുന്നുണ്ടെങ്കിലും തൊട്ടടുത്ത ഡിമാന്റ് നോട്ടീസ് നല്കുമ്പോൾ ഒടുക്കിയ തുകയും അതിന്റെ പലിശയും കുടിശ്ശികയായി ഉൾപ്പെടുത്തുന്നതായും അതനുസരിച്ച് തുക ഒടുക്കുന്നതായും കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. 11/2022-ലെ ഡിമാന്റ് നോട്ടീസ് (നം. 103830876 / 03.11.2022) അനുസരിച്ച് ബിൽ നം. 34/ 19.11.22 പ്രകാരം ദ്വൈമാസ വാട്ടർ ചാർജ്ജ് 441/- രൂപയും പിഴ, കുടിശ്ശിക, ഇൻസ്പെക്ഷൻ ചാർജ്ജ് എന്നിയിനങ്ങളിൽ 950/- രൂപയും സഹിതം 1,391/- രൂപാ അടവാക്കിയിരുന്നു.

2. 1/2023-ലെ ഡിമാന്റ് നോട്ടീസിൽ (നം.07633041 / 05.01.2023) 11/2022ൽ അടച്ച തുക കുടിശ്ശികയായി കാണിച്ച്

പിഴയും തൻമാസ വാട്ടർ ചാർജ്ജും സഹിതം 1890/- ആവശ്യപ്പെടുകയും, അത്രയും തുക ബിൽ നം. 44/ 10.01.23 പ്രകാരം അടവാക്കുകയും ചെയ്തു

3. 3/2023-ലെ ഡിമാന്റ് നോട്ടീസിൽ (നം.11489096 / 04.03.2023) 1/2023-ൽ അടവാക്കിയ 1,890/- രൂപയും, പിഴയും തൻമാസ വാട്ടർ ചാർജ്ജും സഹിതം 2,507/- രൂപ ആവശ്യപ്പെടുകയും അത്രയും തുക ബിൽ നം. 80/ 13.03.23 പ്രകാരം അടവാക്കുകയും ചെയ്തു.

മേൽ അപാകത ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/07.10.2022) മറുപടി ലഭ്യമാക്കിയില്ല

ഇതിൽ നിന്നും ഓരോ മാസവും അടച്ച തുക കണക്കിൽ രേഖപ്പെടുത്താതെ കുടിശ്ശികയും പിഴയും കണക്കാക്കിയാണ് ഡിമാന്റ് നോട്ടീസ് നല്കുന്നതെന്ന് വ്യക്തമാകുന്നു. വിഷയം വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപെടുത്തി കണക്കുകൾ ശരിയാക്കി അധികമായി അടവാക്കിയ തുക തുടർ ബില്ലുകളിൽ ക്രമീകരിച്ച് വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ബി) ഔദ്യോഗിക വാഹനത്തിൽ പെട്രോൾ നിറച്ച വിവരം ലോഗ് ബുക്കിൽ ചേർത്തിട്ടില്ല

25.02.2023-ൽ KL 04 AR -7423 എന്ന നമ്പറിലുള്ള സി.എച്ച്.സി യിലെ ഔദ്യോഗിക വാഹനത്തിൽ 52.74 ലിറ്റർ പെട്രോൾ നിറച്ചതിന് ട്രഷറി ബിൽ നം. 78 / 06.03.2023 പ്രകാരം 5,000/- രൂപ അംബിക പെട്രോളിയം എന്ന സ്ഥാപനത്തിന്റെ അക്കൌണ്ടിലേയ്ക്ക് നല്കിയിട്ടുണ്ട്. ഇപ്രകാരം പെട്രോൾ നിറച്ചാതായുള്ള വിവരം വാഹനത്തിന്റെ ലോഗ് ബുക്കിൽ ചേർത്തിട്ടില്ല മേൽ അപാകത ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/07.10.2022) മറുപടി ലഭ്യമാക്കിയില്ല. പെട്രോൾ നിറച്ചതായി ലോഗ് ബുക്കിൽ രേഖപ്പെടുത്താത്തതിനാൽ ചെലവ് അംഗീകരിക്കാവുന്നതല്ല. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. (ഖണ്ഡിക 3-2 കാണുക)

## 1-17 കരാർ പ്രവൃത്തിയിൽ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് ഫൈൻ ഈടാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും ഇൻഷ്വറൻസ് കവറേജ് (കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/- മാക്സിമം 5,00,000/-) എടുത്ത് പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ സമർപ്പിക്കേണ്ടതാണെന്ന് ലെറ്റർ ഓഫ് അക്സെപ്റ്റൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇൻഷുറൻസ് എടുത്ത് ആയതിന്റെ രേഖകൾ ഹാജരാക്കാത്തവരിൽ നിന്നും കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിലെ ഒട്ടുമിക്ക പ്രവൃത്തികളുടെ കരാറുകാരും ഇപ്രകാരം നിശ്ചിത തുകയ്ക്കുള്ള ഇൻഷ്വറൻസ് എടുത്ത് ആയതിന്റെ രേഖകൾ പഞ്ചായത്തിൽ ഹാജരാക്കിയതായി കാണുന്നില്ല. വിശദാംശം ഖണ്ഡിക 3-4 ആയി ചേർത്തിരിക്കുന്നു. AG

## 1-18 ബ്ലോക്ക് പഞ്ചായത്ത് ആർ.ആർ.എഫ് -ഭരണാനുമതി തുകയിൽ അധികരിച്ച് തുക ചെലവഴിച്ചു

നിർവ്വഹണം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ

പ്രോജക്ട് നം – S0018/23

അടങ്കൽ - 16,00,000 (കേന്ദ്രാവിഷ്കൃത ഫണ്ട്)

ഭരണാനുമതി തുക - 16,00,000

ചെലവുവിവരം -795746/-(363/29.3.22) , 407046/-(Pfms I D – 62213061393/10.6.22),

194925/- (BRN No- 22060563010200170144/6.6.22), 210000/Pfms I D- P022311899077/8.2.23)

ആകെ ചെലവ് – 16,07,717

കരാറുകാരൻ - പി.ജെ.കുഞ്ഞപ്പൻ

പ്ലാസ്റ്റിക് നിർമ്മാർജ്ജന മാനേജ്മെന്റ് യൂണിറ്റ് നിർമ്മാണത്തിനായി 16 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രോജക്ടിനായി 16,07,717 രൂപ ചെലവഴിച്ചതായി കാണുന്നു. ജി.എസ്.ടി ഉൾപ്പെടെ 16 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പ്രോജക്ട് നടപ്പാക്കിയത്. 06.12.2021-ലെ കഞ്ഞിക്കുഴി ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ റീ-ടെണ്ടർ നടപടി പ്രകാരം ശ്രീ.പി.ജെ. കുഞ്ഞപ്പൻ സമർപ്പിച്ച ദർഘാസ് പരിഗണിച്ച് ടിയാനെ കരാറുകാരനായി തിരഞ്ഞെടുത്തിട്ടുണ്ട്. എസ്റ്റിമേറ്റിലെ എല്ലാ ഇനങ്ങൾക്കും ഡി.എസ്.ആർ പ്രകാരമുള്ള നിരക്കിനേക്കാൾ കൂടിയ നിരക്കാണ് ക്വാട്ട് ചെയ്തിരുന്നത്. (ആകെ - 1556036.22/-ജി.എസ്.ടി ഒഴികെ) (9.106% അധികം). ആയതിന് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 13.01.2022 ലെ DB3/1576/Tender Excess /2021/SE/LID & EW ഉത്തരവുപ്രകാരം ഭരണാനുമതി തുകയിൽ പ്രവൃത്തി ക്രമീകരിക്കണം എന്ന വ്യവസ്ഥയോടെ ടെണ്ടർ എക്സസ് അനുവദിച്ച് നല്കിയിട്ടുണ്ട്. ഭരണാനുമതി തുകയിലും അധികം ചെലവഴിച്ചതുവഴി ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം ഖണ്ഡിക 3-3 ആയി ഉൾപ്പെടുത്തിയിരിക്കുന്നു. AE

## 1-19 അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

ADA

പ്രോജക്ട് നം. S0072/2023 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി

നിർവ്വഹണം -അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)

അടങ്കൽ -12,12,502/-(വികസന ഫണ്ട്, പൊതുവിഭാഗം)

ചെലവ് -11,63,482/-

ഈ പ്രോജക്ട് പ്രകാരം നെൽകൃഷി കൂലിച്ചെലവ് ഇനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് തുക നൽകുന്നതിനായി ട്രഷറിയിൽ ബിൽ സമർപ്പിച്ചിരുന്നു. ട്രഷറിയിൽ നിന്നുള്ള യൂണിക് ട്രാൻസാക്ഷൻ റഫറൻസ് പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താൾക്ക് തുക ലഭിച്ചിട്ടില്ല എന്നു കാണുന്നു.

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | ബിൽ റഫറൻസ് നം./ തീയതി | തുക | തുക അക്കൌണ്ടിലേക്ക് ക്രെഡിറ്റാകാത്തവരുടെ വിവരം |
|---|---|---|---|---|
| 3 | കഞ്ഞിക്കുഴി | 220605520139000609606/6.10.2022 | 513320 | കെ.ജി.രാധാമണി-920/-<br>ജെയിൻ സി.എം-8000/- |

അക്കൌണ്ട് കറക്ട് ചെയ്ത് ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് തുക ക്രഡിറ്റായിട്ടുള്ളതിന്റെ വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (2/07.10.2023) നല്കിയതിന് നിശ്ചിത സമയപരിധി കഴിഞ്ഞതിനാൽ തിരികെ ലഭിക്കാത്തവിധം സർക്കാരിന്റെ ബന്ധപ്പെട്ട അക്കൌണ്ടിലേക്ക് തുക തിരികെ പോയതായി മറുപടി നല്കി. ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട തുക നഷ്ടപ്പെടാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

**1-20 രേഖകൾ ഹാജരാക്കിയില്ല**

പ്രോജക്ട് നം. S0089/2023 ക്ഷീര വികസന ഓഫീസിൽ കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും
നിർവ്വഹണം-ക്ഷീര വികസന ഓഫീസർ

അടങ്കൽ -1,00,000/-(മെയിന്റനൻസ് ഫണ്ട്.)

ചെലവ് -64725/-

ബിൽ നം-2/2022-23/15.10.2022-18437/-

ബിൽ നം-1/2022-23/11.10.2022-46288/-

പ്രോജക്ടിലുൾപ്പെടുത്തി ക്ഷീരവികസന ഓഫീസിലേക്ക് കെൽട്രോണിൽ നിന്നും കംപ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങിയതിന് മേൽ ബില്ലുകൾ പ്രകാരം തുക നൽകിയിട്ടുണ്ട്. കെൽട്രോണിന്റെ പ്രഫോർമ ഇൻവോയിസ് നം. TVM/ITBG/PI/RC/42440/22-23/09.11.2022 പ്രകാരം പ്രിന്ററിന് 18,437/-രൂപ നൽകിയതിന്റെ ബിൽ ഫയലിൽ ലഭ്യമല്ല. കൂടാതെ ഇവ സ്റ്റോക്കിലെടുത്തിട്ടുള്ളതിന്റെ വിവരവും ലഭ്യമല്ല. പ്രിന്റർ ലഭ്യമായതിന്റെ ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (7/07.10.2023) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. 18,437 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

**1-21 പത്താംതരം പന്ത്രണ്ടാംതരം തുല്യതാ പരീക്ഷ - അപാകതകൾ**

നിർവ്വഹണം – സെക്രട്ടറി
പത്താം തരം തുല്യത, പ്ലസ് ടു തുല്യത

പ്രോജക്ട് നം. – S0034/23

അടങ്കൽ – 98,650 (വികസന ഫണ്ട് - ജനറൽ)

ചെലവ് - 98,650/- (BRN- 2206056300990089658, തീയതി- 10.12.2022)

മേൽ പ്രോജക്ടിൽ നിന്നും പത്താംതരം, പന്ത്രണ്ടാംതരം തുല്യതയ്ക്കായി രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, പരീക്ഷാഫീസ് ഇനത്തിൽ കേരള സംസ്ഥാന സാക്ഷരതാമിഷനിൽ അടവാക്കിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | തുല്യതാ വിഭാഗം | പഠിതാക്കളുടെ എണ്ണം | ഫീസ് നിരക്ക് | തുക | ബിൽ നം./ തീയതി/ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പത്താംതരം | 17 | 1850 | 31450 | |
| 2 | ഹയർ സെക്കന്ററി | 21 | 3200 | 67200 | 98650 |

ഫയലിനൊപ്പം പഠിതാക്കളെ രജിസ്റ്റർ ചെയ്തതിന്റെ രേഖ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പഠിതാക്കൾ ക്ലാസിൽ പങ്കെടുത്തതിന്റെ രേഖകൾ ഇല്ല

2) പരീക്ഷയിൽ പങ്കെടുത്ത പഠിതാക്കളുടെ വിവരമില്ല.

3) പഠിതാക്കൾക്ക് സർട്ടിഫിക്കറ്റ് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

4)കേരള സംസ്ഥാന സാക്ഷരതാമിഷനിൽ നിന്നുള്ള ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/07.10.23) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പൂർണ്ണമായും ഹാജരാക്കുന്നത് വരെ 98,650/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-22 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല

SCDO

പ്രോജക്ട് നം. S0040/2022-23, പഠനമുറി

നിർവ്വഹണം - പട്ടികജാതി വികസന ഓഫീസർ

അടങ്കൽ - 20,00,000/-

ചെലവ് - 16,25,000/-

പട്ടികജാതി വികസന ഓഫീസർ 2022-23 വർഷം നിർവ്വഹണം നടത്തിയ എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ട് പ്രകാരം അഡ്വാൻസായി 50,000/- രൂപ വീതം കൈപ്പറ്റി പഠനമുറി നിർമ്മാണം ആരംഭിച്ച 5 ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡുവായി 75,000/- രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ 4 ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ച് ശേഷിക്കുന്ന തുക കൈപ്പറ്റിയിട്ടില്ല. ഒരാൾ പൂർത്തീകരിച്ചെങ്കിലും അവസാന ഗഡുവായി 27,300/- രൂപാ മാത്രമാണ് നല്കിയത്. വിശദവിവരം ചുവടെ കൊടുക്കുന്നു

| ക്രമ നം | പേര് | 2, 3 ഗഡുക്കൾ നല്കിയതിന്റെ ബിൽ നം/തിയതി | തുക |
|---|---|---|---|
| 1 | അജിമോൻ | 13/22-23തിയതി 5.1.2023 | 75000/- |
| 2 | രാജി | 15/22-23 തിയതി 30.01.2023 | 225000/- |
| 3 | ജ്യോതി | | |
| 4 | രതീഷ് | | |
| 5 | കൈരളി | 17/22-23തിയതി23.2.2023 | 75000/- |
| | | 23060563010300044325/14.8.2023 | 27300/- |

രണ്ട് ഗഡുക്കളായി 125000 രൂപ കൈപ്പറ്റിയതിന് ശേഷം പഠനമുറി നിർമ്മാണം പൂർത്തിയാക്കാത്ത ടി ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ച് തുക നല്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (7/07.10.2023) നല്കിയതിന് മറുപടിയായി കൈരളി എന്ന വ്യക്തി പണിപൂർത്തീകരിച്ചിട്ടുണ്ടെങ്കിലും തുക മുഴുവനായി നല്കാൻ ഫണ്ടില്ലായിരുന്നുവെന്നും ആയതിനാൽ അവസാനത്തെ ഗഡുവിൽ 27,300/- രൂപ മാത്രം തനതു ഫണ്ടിൽ നിന്നും നല്കാനായതെന്നും മറ്റുള്ളവർ പണിപൂർത്തീകരിച്ച് തുക കൈപ്പറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 27,300/- രൂപ തനതുഫണ്ടിൽ നിന്നും പ്രോജക്ട് രൂപീകരിക്കാതെയാണ് നൽകിയിരിക്കുന്നത്. പ്രോജക്ടിലുൾപ്പെടുത്തി മാത്രം മറ്റ് വ്യക്തികൾക്ക് തുക നൽകേണ്ടതാണ്. പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്ത വ്യക്തികൾക്ക് നല്കിയിട്ടുള്ള 4x125000 = 5,00,000/- രൂപയുടെ ചെലവ് നിർമ്മാണം പൂർത്തീകരിച്ച് അറിയിക്കുന്നതു വരെ തടസ്സപ്പെടുത്തുന്നു.

### 1-23 പുതുതായി നിർമ്മിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിനായി പ്രാഥമിക നടപടികൾ ഒരുക്കൽ - ന്യൂനതകൾ

നിർവ്വഹണം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

അടങ്കൽ - രൂ. 2,88,926 (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ആകെ ചെലവ് - രൂ. 1,57,005

ചെലവു വിവരം - രൂ. 59,080/-(ബിൽ നം-3/16.6.22),97925/-(ബിൽ നം-7/24.9.22)

പുതുതായി നിർമ്മിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിനായി പ്രാഥമിക നടപടികൾ ഒരുക്കൽ എന്ന പ്രോജക്ടിലുൾപ്പെടുത്തി (S0015/23) സോയിൽ ഇൻവേസ്റ്റിഗേഷനായി M/S A & N അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് 59,080/- രൂപ നല്കിയിട്ടുണ്ട്. കൂടാതെ കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് നിലക്കൊള്ളുന്ന പഴയ കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിലേയ്ക്ക് സർവ്വേ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രെസിഷ്യൻ സർവ്വേ എന്ന സ്ഥാപനത്തിന് 97,925/- രൂപയും നല്കിയിട്ടുണ്ട്. ടി സ്ഥാപനവുമായി ഏർപ്പെട്ട കരാർ പ്രകാരം സർവ്വേ റിപ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ മൂന്ന് പകർപ്പുകളും കെട്ടിടങ്ങളുടെ ഗ്രാഫും പ്രസ്തുത റിപ്പോർട്ടിന്റെ ഭാഗമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സർവ്വേ റിപ്പോർട്ടിന്റെ പകർപ്പും പൊളിച്ചു മാറ്റേണ്ട കെട്ടിടങ്ങളുടെ ഗ്രാഫും ഫയലിൽ സൂക്ഷിച്ചിട്ടില്ല. സർവ്വേ റിപ്പോർട്ടും ഗ്രാഫും ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ തയ്യാറാക്കാതെ പുറമെയുള്ള സ്ഥാപനത്തിനെ ഏല്പിച്ചതെന്തിനെന്ന് വ്യക്തമല്ല. പഴയ കെട്ടിടങ്ങൾ നാളിതുവരെ പൊളിച്ചു മാറ്റുകയോ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

പുതുതായി നിർമ്മിക്കുവാനുദ്ദേശിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിനായി നാളിതുവരെ പ്രോജക്ട് രൂപീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ടെൻഡർ നടപടി സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. ടി ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടും സർവ്വേ റിപ്പോർട്ടു ഹാജരാക്കുന്നതിനും നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (11/9.10.23) മറുപടി ലഭ്യമാക്കിയില്ല. സർവ്വേ റിപ്പോർട്ടിന്റെ അഭാവത്തിൽ 97,925/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സർവ്വേ റിപ്പോർട്ട് ലഭ്യമാക്കി പൊളിച്ചു മാറ്റേണ്ട കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 മരാമത്ത് പ്രവൃത്തി-ടാർ ബാരലിന്റെ വിലയും ജി.എസ്.ടി.യും സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു

ബ്ലോക്ക് പഞ്ചായത്തിൽ 2022-23ൽ നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തിയ്ക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടി.യും ഉൾപ്പെടെയുള്ള തുക പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ആവശ്യത്തിലധികമായി പിൻവലിക്കുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ പിൻവലിച്ചത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. ഇവിടെ ടാർവീപ്പയുടെ വിലയിനത്തിൽ കിഴിവ് ചെയ്ത തുക ബന്ധപ്പെട്ട ശീർഷകത്തിൽ തന്നെ തിരികെ ഒടുക്കേണ്ടതും, ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതുമായിരുന്നു.

| പ്രോജക്ടിന്റെ പേര് | കരാറുകാരൻ | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ബാരൽ വില ബില്ലിൽ കുറവ് ചെയ്ത തുക | ജി.എസ്.ടി18% | സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത തുക |
|---|---|---|---|---|---|---|
| പാലത്തുകൽ ചിറയ്ക്കൽ റോഡ് ടാറിംഗ്- തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് | ഇൻറലക്റ്റസ് സൊല്യൂഷൻസ് | വികസനഫണ്ട്(ജനറൽ) | 8 | 1905 | 343 | 2248 |

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (1/7.10.23) മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.ടി ഇനത്തിൽ കുറവ് ചെയ്ത 343 രൂപ ജി.എസ്.ടി വകുപ്പിലേയ്ക്കും ബാരൽ വിലയിനത്തിൽ കുറവുചെയ്ത 1,905 രൂപ വികസനഫണ്ടിലേയ്ക്കും തിരികെ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രോജക്ട് പ്രകാരം വാങ്ങിയ സാധനങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല - ലഭ്യമാകാത്ത സാധനങ്ങളുടെ വില ഓഡിറ്റിൽ നിരാകരിക്കുന്നു

നിർവ്വഹണം – സെക്രട്ടറി

കോൺഫറൻസ് ഹാളിലും പ്രസിഡന്റിന്റെ മുറിയിലും ഫർണിച്ചറും അനുബന്ധ ഉപകരണങ്ങളും

പ്രോജക്ട് നം. S0113/23

അടങ്കൽ - 8,29,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ് - 726332 /- (വൌച്ചർ നം. XVFC/2022-23/P/92 , 29.03.23)

38685 /- (വൌച്ചർ നം. XVFC/2022-23/P/91 , 29.03.23)

മേൽ പ്രോജക്ട് പ്രകാരം, പ്രസിഡന്റിന്റെ റൂം, കോൺഫറൻസ് ഹാൾ എന്നിവടങ്ങളിൽ സ്ഥാപിയ്ക്കുവാനും ഉപയോഗിക്കുവാനുമായി കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേറ്റിവ് ലിമി. - ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 15.03.2023-ൽ ആവശ്യമുള്ള സാധനങ്ങളുടെ അളവ്, എണ്ണം എന്നിവ രേഖപ്പെടുത്തി സപ്ലൈ ഓർഡർ നല്കിയിട്ടുണ്ട്. ഇതിനായി 7,26,332/- രൂപ സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ARTCO LTD-ന്റെ ബിൽ നം. ALP910 /29.03.20203 പ്രകാരം 7,26,332/- രൂപ വിലയുള്ള സാധനങ്ങൾ ലഭ്യമാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഓഫീസിൽ 05.10.2023 ൽ നടത്തിയ ഭൌതിക പരിശോധനയിൽ മേൽ ബില്ലിലെ താഴെ പറയുന്ന സാധനങ്ങൾ കണ്ടെത്തിയില്ല

| ഇനം | എണ്ണം | വില |
|---|---|---|
| BLOCK NAME & Govt. EMBLEM | 1 | 45430 |
| DOOR CHANGING | 1 | 20768 |
| WINDOW CURTAIN | 4 | 4413 |
| ആകെ | | 70611 |

മേൽ വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4 /7.10.23) ഹാൾ നവീകരിക്കുമ്പോൾ അവിടെ ഒരു ഡോർ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും ഇത്രയും വിലയുള്ള ഡോർ അവിടെ ആവശ്യമില്ലായെന്നു കണ്ട് ഹാളിൽ ഒരു ACP+Glass Door ആണ് സ്ഥാപിച്ചതെന്നും ലഭിക്കേണ്ട HDF ഡോർ, 4 കർട്ടൺ എന്നിവ പ്രസിഡന്റിന്റെ റൂമിന് അടുത്ത് സെക്രട്ടറിയുടെ റൂം സജ്ജീകരിക്കുന്ന സമയത്ത് സ്ഥാപിക്കുക എന്ന ഉദ്ദേശത്തിലാണ് നിലവിൽ ആയത് ഘടിപ്പിക്കാതിരുന്നത് എന്നും സർക്കാർ മുദ്ര സ്ഥാപിക്കുവാൻ കൊണ്ടു വന്നിരുന്നെന്നും സ്ഥാപിയ്ക്കാൻ സാധിയ്ക്കാതെ വന്നതിനാൽ തിരികെ നല്കി എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ARTCO – യുടെ ബിൽ, ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ ലഭ്യമായതായി രേഖപ്പെടുത്തിയ സാധനങ്ങൾ നിലവിലും ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല ആയതിനാൽ ഈയിനത്തിൽ നടത്തിയ 70,611/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള സാധനങ്ങൾ ലഭ്യമാക്കാത്ത പക്ഷം 70,611/- രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

### 3-2 സി.എച്ച്.സി. ഔദ്യോഗിക വാഹനത്തിൽ പെട്രോൾ നിറച്ച വിവരം ലോഗ് ബുക്കിൽ ചേർത്തിട്ടില്ല - ചെലവ് നിരാകരിക്കുന്നു

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., തണ്ണീർമുക്കം

പ്രൊജക്ടിന്റെ പേര് : സി.എച്ച്.സി. ദൈനംദിന ചെലവുകൾ

പ്രോജക്ട് നം. S0095/23

അടങ്കൽ - രൂ. 4,00,000/- (റോഡിതരം)

ചെലവ് - രൂ. 3,89,452/-

മേൽ പ്രോജക്ട് അനുസരിച്ചാണ് സി.എച്ച്.സി. യിലെ ദൈനംദിന ചെലവുകൾ മെഡിക്കൽ ഓഫീസർ

നടത്തിയിട്ടുള്ളത്. 06.03.2023 ൽ ട്രഷറി ബിൽ നം. 78 പ്രകാരം 5,000/- രൂപ അംബിക പെട്രോളിയം എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് നല്കിയതായി കാണുന്നു. 25.02.2023-ൽ KL 04 AR -7423 എന്ന നമ്പറിലുള്ള സി.എച്ച്.സി. യിലെ ഔദ്യോഗിക വാഹനത്തിൽ 52.74 ലിറ്റർ പെട്രോൾ നിറച്ചതിന്റെ വിലയായാണ് തുക നല്കിയത്. എന്നാൽ ഇപ്രകാരം പെട്രോൾ നിറച്ചതായുള്ള വിവരം വാഹനത്തിന്റെ ലോഗ് ബുക്കിൽ ചേർത്തിട്ടില്ല. മേൽ അപാകത ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/07.10.2022) മറുപടി ലഭ്യമാക്കിയില്ല. പെട്രോൾ നിറച്ചതായി ലോഗ് ബുക്കിൽ രേഖപ്പെടുത്താത്തതിനാൽ ചെലവ് അംഗീകരിക്കാവുന്നതല്ല. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

## 3-3 ബ്ലോക്ക് പഞ്ചായത്ത് ആർ.ആർ.എഫ് -ഭരണാനുമതി തുകയിൽ അധികരിച്ച് തുക ചെലവഴിച്ചു

നിർവ്വഹണം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ
പ്രോജക്ട് നം. - S0018/23
കരാറുകാരൻ - പി.ജെ.കുഞ്ഞപ്പൻ
അടങ്കൽ - രൂ. 1600000 (കേന്ദ്രാവിഷ്കൃത ഫണ്ട്)
ഭരണാനുമതി തുക - രൂ. 16,00,000

| ചെലവ് വിവരങ്ങൾ | തുക |
|---|---|
| Bill No.363/29.3.22 | 795746/- |
| Pfms-I.D.62213061393/10.6.22) | 407046/- |
| BRN.No.220605630102001070144/6.6.22 | 194925/- |
| Pfms I D-P022311899077/8.2.23 | 210000/- |
| ആകെ ചെലവ് | രൂ. 16,07,717/- |

പ്ലാസ്റ്റിക് നിർമ്മാർജ്ജന മാനേജ്മെന്റ് യൂണിറ്റ് നിർമ്മാണത്തിനായി 16 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രോജക്ടിനായി 16,07,717 രൂപ ചെലവഴിച്ചതായി കാണുന്നു. ജി.എസ്.ടി ഉൾപ്പെടെ 16 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പ്രോജക്ട് നടപ്പാക്കിയത്. കഞ്ഞിക്കുഴി ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 06.12.2021-ലെ റീ-ടെണ്ടർ നടപടി പ്രകാരം ശ്രീ.പി.ജെ.കുഞ്ഞപ്പൻ സമർപ്പിച്ച ദർഘാസ് പരിഗണിച്ച് ടിയാനെ കരാറുകാരനായി തിരഞ്ഞെടുത്തിട്ടുണ്ട്. എസ്റ്റിമേറ്റിലെ എല്ലാ ഇനങ്ങൾക്കും ഡി.എസ്.ആർ പ്രകാരമുള്ള നിരക്കിനേക്കാൾ കൂടിയ നിരക്കാണ് ക്വാട്ട് ചെയ്തിരുന്നത് (ആകെ - 1556036.22/- ജി.എസ്.ടി ഒഴികെ) (എസ്റ്റിമേറ്റിലും 9.106% അധികം). ആയതിന് സൂപ്രണ്ടിംഗ് എഞ്ചിനിയറുടെ 13.01.2022 ലെ DB3/1576/Tender Excess /2021/SE/LID & EW ഉത്തരവു പ്രകാരം ഭരണാനുമതി തുകയിൽ പ്രവൃത്തി ക്രമീകരിക്കണം എന്ന വ്യവസ്ഥയോടെ ടെണ്ടർ എക്സസ് അനുവദിച്ച് നല്കിയിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ഭരണാനുമതി ലഭിച്ച തുകയിലും അധികം ചെലവഴിച്ചു

ആർ.ആർ.എഫിനായി ആകെ ചെലവഴിയ്ക്കാവുന്ന ഭരണാനുമതി ലഭിച്ചിട്ടുള്ള തുക 16,00,000/- രൂപയാണ്. പ്രോജക്ട് പ്രകാരമുള്ള ചെലവു തുക 16,07,717 രൂപയാണ്. 7,717 രൂപ ഭരണാനുമതി തുകയിൽ കൂടുതലായി ചെലവഴിച്ചിട്ടുണ്ട്. ഭരണാനുമതി തുക റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത പ്രോജക്ട് പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (10/9.10.23) മുഖേന ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയില്ല. ഭരണാനുമതി തുകയിൽ പ്രവൃത്തി ക്രമീകരിക്കണം എന്ന സൂപ്രണ്ടിംഗ് എഞ്ചിനിയറുടെ ഉത്തരവിനു വിരുദ്ധമായി ചെലവഴിച്ച 7,717 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ഈ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

2.കേന്ദ്രാവിഷ്കൃത ഫണ്ടിനു പകരം വികസനഫണ്ട് ചെലവഴിച്ചു

പ്രോജക്ടിൽ വകയിരുത്തിയത് കേന്ദ്രാവിഷ്കൃത ഫണ്ട് മാത്രമാണ്. എന്നാൽ വികസനഫണ്ടിൽ നിന്ന് 1,94,925 രൂപ ചെലവഴിച്ചിട്ടുണ്ട്. പുതുക്കിയ പ്രോജക്ട് പരിശോധനയ്ക്കായി ഹാജരാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയില്ല. ആയതിനാൽ കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്ന് ടി തുക വികസനഫണ്ടിലേയ്ക്ക് റീകൂപ്പ് ചെയ്യേണ്ടതാണ്.

3. ആർ.ആർ.എഫ് പ്രവർത്തനം ആരംഭിച്ചിട്ടില്ല

ആർ.ആർ.എഫ് നിർമ്മാണത്തിനായി (S0018/23) 16,07,717 രൂപ ചെലവഴിച്ചെങ്കിലും ആർ.ആർ.എഫ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രവർത്തനക്ഷമമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/9.10.23) മറുപടി ലഭ്യമാക്കിയില്ല. ആർ.ആർ.എഫ് പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 കരാർ പ്രവൃത്തിയിൽ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് ഫൈൻ ഈടാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും (കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/-മാക്സിമം 5,00,000/-) ഇൻഷ്വറൻസ് കവറേജ് എടുത്ത് പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ സമർപ്പിക്കേണ്ടതാണെന്ന് ലെറ്റർ ഓഫ് അക്സെപ്റ്റൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇൻഷുറൻസ് എടുത്ത് ആയതിന്റെ രേഖകൾ ഹാജരാക്കാത്തവരിൽ നിന്നും കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിലെ ഒട്ടുമിക്ക പ്രവൃത്തികളുടെ കരാറുകാരും ഇപ്രകാരം നിശ്ചിത തുകയ്ക്കുള്ള ഇൻഷ്വറൻസ് എടുത്ത് രേഖകൾ പഞ്ചായത്തിൽ ഹാജരാക്കിയിട്ടില്ല. ഇൻഷുറൻസ് എടുക്കാത്തവർ നടപ്പാക്കിയ പ്രവൃത്തികളുടെ ഫൈനൽ ബില്ലുകളിൽ നിന്നും നിയമാനുസൃതം ഫൈൻ കുറവു ചെയ്തതായും കാണുന്നില്ല. തൻമൂലം കരാറുകാർക്ക് അധിക തുക നല്കാനിടയായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | കരാർ തുക | ഫൈൻ ഇനത്തിൽ കുറവു ചെയ്യേണ്ടിയിരുന്ന തുക | ചെലവു വിവരം |
|---|---|---|---|---|---|
| 1 | പാലത്തിങ്കൽ ചിറയ്ക്കൽ റോഡ് ടാറിംഗ് തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്(131/23) | ഇന്റലക്റ്റസ് ബിസിനസ് സൊല്യൂഷൻസ് | 4,21,826 | 844 | 22060563011001506553/27.3.23 - 497755/- |
| 2 | വനിതകൾക്ക് ഫിറ്റ്നെസ് സെന്റർ | സെബാസ്റ്റ്യൻ ടി.എൽ. | 12,64,931 | 2530 | 11/29.3.23 - 621077/- 12/29.3.23-333764/- |
| 3 | കരിക്കാട് തോട് തട്ടേക്കകിപ്പാലത്തിന് വടക്കോട്ട് കിഴക്കേതിരം തോടിന് സംരക്ഷണഭിത്തി(103/23) | തോമസ് ജോസഫ് | 3,18,000 | 636 | 5/27.2.23 - 361656/- |
| 4 | കരിക്കാട് തോട് തട്ടേക്കകിപ്പാലത്തിന് വടക്കോട്ട് കിഴക്കേതിരം തോടിന് സംരക്ഷണഭിത്തി രണ്ടാംഘട്ടം(125/23) | തോമസ് ജോസഫ് | 3,59,696 | 719 | 15/6.7.22,1028075/- |
| 5 | തണ്ണീർമുക്കം സി.എച്ച്.സി യുടെ അടിസ്ഥാന സൗകര്യവികസനം(105/23) | ജയ് മോൻ എ.ആർ. | 8,03,642 | 1607 | 13/29.3.23- 154962/- |
| 6 | അയ്യപ്പഞ്ചേരി സ്കൂൾ ടോയ് ലെറ്റ് നിർമ്മാണം(123/23) | ലാജിമോൻ പി. | 4,22,279 | 845 | 370/24.3.23 |
| 7 | എസ്.സി.ഡി.ഒ.ഓഫീസ് നവീകരണം(121/23) | സെബാസ്റ്റ്യൻ ടി.എൽ. | 4,21,975 | 844 | 22060563011001481939/ 25.3.23,225451/- |
| 8 | കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് കാട്ടുകട കാലിത്തീറ്റ നിർമ്മാണ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യവികസനം(117/23) | പി.ജെ.കുഞ്ഞപ്പൻ | 8,46,612 | 1693 | 457412/- 410/27.3.23 |
| 9 | തണ്ണീർമുക്കം ഗവ.എച്ച്.എസിനു ടോയ് ലറ്റ് നിർമ്മാണം | ശശികുമാർ പി.കെ. | 6,14,902 | 1230 | 278636/-214/19.1.23 |
| 10 | കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് - ചാരമംഗലം ഡി.വി.എച്ച്.എസിന് ലേഡീസ് ഫ്രണ്ട്ലി ടോയ്ലറ്റ് | പ്രജിത്ത് കെ. | 9,28,898 | 1858 | 413/27.3.23 |

| | | | | | |
|---|---|---|---|---|---|
| 11 | ചേർത്തല ഗവൺമെന്റ് എച്ച്.എസ്(അരീപ്പറമ്പ്) ടോയ് ലറ്റ് നിർമ്മാണം | കെ.പി.മധുസൂദനൻ | 10,99,664 | 2199 | 407/27.3.23 |
| 12 | കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് കണ്ഠമംഗലം ശക്തി വിനായക പൊതുകുളം നവീകരണം | ഉണ്ണി എസ് | 11,42,943 | 2286 | 860540/-277-23.2.23 |
| 13 | കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് കോഴിക്കുളം നവീകരണം | അനിരുദ്ധൻ എസ് | 15,42,913 | 3086 | 995363/-266/23.2.23 |
| 14 | മത്സ്യകൃഷി കുളവും ഓടവും നവീകരണം | തോമസ് ജോസഫ് | 8,46,878 | 1694 | 409/27.3.23 ,596499/- |
| 15 | ചേർത്തല സൗത്ത് ഗ്രാമപഞ്ചായത്ത് ആനന്ദം പറമ്പ് കോളനിയിൽ കലിംഗു നിർമ്മാണം | സതീഷ് കുമാർ എം. | 6,42,200 | 1284 | 450779/-8-29.3.23 |
| | ആകെ | | | 23355 | |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/07.10.2023) മറുപടി ലഭ്യമാക്കിയില്ല. നിയമാനുസൃതം ഫൈൻ ഈടാക്കാതിരുന്നതു മൂലം ഓഡിറ്റു വർഷം 23355/- രൂപയുടെ അധിക ചെലവുണ്ടായി. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

തൊഴിലാളികൾക്കുണ്ടാകുന്ന അപകടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായാണ് ഈ വ്യവസ്ഥ കരാറിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ആയതിനാൽ കരാറുകാർക്കാവശ്യമായ നിർദ്ദേശം നല്കി മതിയായ തുകയ്ക്കുള്ള ഇൻഷ്വറൻസ് എടുപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 യാത്രാബത്ത അനർഹമായി നല്കി

ബ്ലോക്ക് പഞ്ചായത്തിലെ വാഹനമായ ബോലേറോ ജീപ്പ് ഡ്രൈവർ ശ്രീ.ബൈജു കെ.എസ്. അവധിയിൽ പോകുന്ന ദിവസങ്ങളിൽ ദിവസവേതനത്തിൽ ഡ്രൈവറെ നിയമിച്ച് 730/- രൂപ പ്രകാരം വേതനം നല്കിയിട്ടുണ്ട്. എന്നാൽ ശ്രീ.ബൈജു കെ.എസ്. അവധിയിലായിരുന്ന ദിവസങ്ങളിലെ യാത്രബത്ത ക്ലെയിം ചെയ്തിട്ടുള്ളതായി കാണുന്നു.

| വൌച്ചർ നം. | തുക/ചെക്ക് നം./ തീയതി | യാത്രബത്ത നല്കിയതിന്റെ വിവരം | മറ്റ് ഡ്രൈവർമാർക്ക് വേതനം നല്കിയതിന്റെ വിവരം | വേതനം നല്കിയ തുക |
|---|---|---|---|---|
| 54/22-23 | 16075/- 6720369/6.8.2022 | 7.05.2022-175/- | വൌച്ചർ നം-21/22-23-16.5.2022-74336/- ചെക്ക് നം. 4729436/16.05.2022 | 7.05.2022-ലെ വേതനമിനത്തിൽ ശ്രീ.സാബു കെ.പി.ക്ക് 730/- രൂപ നല്കി |
| 131/22-23 | 16560/- 2470621/21.01.2023 | 1.10.2022-175/- 26.10.2022-175/- | വൌച്ചർ നം-100/22-23-61749/- ചെക്ക് നം. 3608998/28.11.2022 | 1.10.2022, 26.10.2022-ലെ വേതനമിനത്തിൽ 1,460/-രൂപ ശ്രീ.അർജുൻ അജേഷിനു നല്കി |
| | | 24.08.2022-175/- | വൌച്ചർ നം-70/22-23-10203/- ചെക്ക് നം. 9743225/16.09.2022 | 24.08.2022-ലെ വേതനമിനത്തിൽ 730/-രൂപ ശ്രീ.അർജുൻ അജേഷിനു നല്കി |
| ആകെ | | 700/- | | |

അവധിയിലായിരുന്ന ഡ്രൈവർക്ക് യാത്രാബത്ത ഇനത്തിൽ തുക നല്കിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (13/09.10.2023) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

അനർഹമായി നല്കിയ തുക രൂ.700/- ടിയാനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത് | 2022-23 | 2,80,000 | പി എം എ വൈ | 2,80,000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക മുതൽ | പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഐ എ വൈ വായ്പ | സ.ഉ (എം.എസ്.)90/2013 ത.സ്വ.ഭ.വ. തിയതി-14.3.2013 സ.ഉ.(കൈ) നം 193/13 തിയതി - 24.05.2013 | 15,42,294 | 3,09,526 | 1,54,229 | - | 1,55,297 |

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

### 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

### 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | :7,27,60,997 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :8,37,35,711 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 1,07,383 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 10,47,422 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 70,611 | ശ്രീ.സി.വി.സുനിൽ, സെക്രട്ടറി |
| 3-2 | - | 5000 | ഡോ.റിസ്വാൻ എൻ.റഫീക്ക് മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 3-3 | - | 7,717 | ശ്രീ.തോമസ് ഡിക്രൂസ്. അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ |
| 3-4 | | 23,355 | ശ്രീമതി മീര സി.കെ., അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-5 | | 700 | ശ്രീ.സി.വി.സുനിൽ, സെക്രട്ടറി |
| ആകെ | | 1,07,383 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 3,05,533 | ശ്രീമതി പ്രവിദാപീറ്റർ, സി.ഡി.പി.ഒ |
| 1-14 | 26,877 | ശ്രീ.സി.വി.സുനിൽ, സെക്രട്ടറി |
| 1-20 | 18,437 | ശ്രീമതി ആശ ബി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-21 | 98,650 | ശ്രീ.സി.വി.സുനിൽ, സെക്രട്ടറി |
| 1-22 | 5,00,000 | ശ്രീമതി ബിന്ദു വി, പട്ടികജാതി വികസനഓഫീസർ |
| 1-23 | 97,925 | ശ്രീ.തോമസ് ഡിക്രൂസ്, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ |
| ആകെ | 10,47,422 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സി.വി.സുനിൽ സെക്രട്ടറി | സെക്രട്ടറി, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് | കാർത്തിക കടക്കരപ്പള്ളി പി.ഒ. ചേർത്തല, ആലപ്പുഴ |
| ഡോ.റിസ്വാൻ എൻ.റഫീക്ക് മെഡിക്കൽ ഓഫീസർ സി.എച്ച്.സി | മെഡിക്കൽ ഓഫീസർ സി.എച്ച്.സി,തണ്ണീർമുക്കം | ആഞ്ഞിലിപ്പറമ്പിൽ, കാഞ്ഞിരംചിറ, ആലപ്പുഴ |
| ശ്രീ.തോമസ് ഡിക്രൂസ് അസി.എക്സി.എഞ്ചിനിയർ | വിരമിച്ചു | കുരിശുങ്കൽ ഹൗസ്, വയലാർ പി.ഒ.ചേർത്തല, ആലപ്പുഴ |
| ശ്രീമതി.മീര.സി.കെ അസി.എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് | ഇടത്തിൽ, കുറുപ്പൻകുളങ്ങര പി.ഒ.ചേർത്തല, ആലപ്പുഴ |
| ശ്രീമതി പ്രവിദാ പീറ്റർ, സി.ഡി.പി.ഒ. | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ,കഞ്ഞിക്കുഴിബ്ലോക്ക് പഞ്ചായത്ത് | കൊച്ചിക്കാരൻ വീട്,മാടയ്ക്കൽ പി.ഒ. |
| ശ്രീമതി ആശ ബി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ,ചേർത്തല | കരിക്കാട്ടിൽ,തൈക്കാട്ടുശ്ശേരി പി.ഒ.ചേർത്തല |
| ശ്രീമതി ബിന്ദു വി. പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് | തൈപ്പറമ്പിൽ, കോമന, അമ്പലപ്പുഴ പി.ഒ. |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ15-16/01/28.2.11/9.4.11 |
| 1997-98 | എൽ.എഫ്.എ15-74/01/23.10.01 |
| 1998-99 | എൽ.എഫ്.എ15-162/01/14.11.02 |

| | |
|---|---|
| 2003-04 | എൽ.എഫ്.എ7-748(എ)/07/29.10.07/4.1.08 |
| 2007-08 | എൽ.എഫ്.എ7-407/09/11.6.09/6.11.09 |
| 2008-09 | എൽ.എഫ്.എ7-404/10/13.5.10/6.07.10 |
| 2009-10 | എൽ.എഫ്.എ.ബി.പി 668/11/22.2.12/13.4.12 |
| 2010-11,11-12 | എൽ.എഫ്.എ.ബി.പി 495/13/30.7.13/10.10.13 |
| 2012-13,13-14 | എൽ.എഫ്.എ.ബി.പി 459/15/16.3.15/29.5.15 |
| 2014-15,15-16 | കെ.എസ് എ-എ.എൽ.പി-ബി.പി-210/17/04.03.17/09.03.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/ബി.പി-1443/17/28.11.17 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/ബി.പി-59/2019/25.02.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/ബി.പി1-892/2019/05.10.2019 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/ബി.പി-472/2022/06.07.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/ബി.പി-473/22/06.07.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/ബി.പി-248/202/30.03.2023 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure-I
## Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 5(1) dated 29-07-2023 and submitted on 17-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kanjikuzhy Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kanjikuzhy Block Panchayat for the year 2022-2023

**Date: 08/11/2023** **Senior Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Kanjikuzhy Block Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1. Cash flow statement- does not reflect the correct figure.
2. A register is not maintained in a way that validates the amounts in the annual financial statement.
3. Accuracy of amounts as per Schedule RP - 4 not submitted for verification.

4.As per ACR under Development Fund (General) expenditure is 2,48,79,329/- and as per annual financial statement expenditure is 2,48,65,329/-. The difference is 14,000/-

5.The rent register is not maintained in such a way as to validate the amounts in the annual financial statement.

6.The amount due to the government remains a liability in the balance sheet.

7.The amount collected for the year 2021-22 under Beneficiary Share is kept in the account without spending.

Senior Deputy Director
Kerala State Audit Department
District Audit Office, Alappuzha

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്